സ്ഥിരംഅദാലത്ത് സമിതിയുടെ ഒരു യോഗം 23 12 23 തീയതിയിൽ രാവിലെ 10:30ന് ചേർന്ന യോഗത്തിന്റെ ഹാജറും തീരുമാനങ്ങളും
ഹാജർ
1.സതീശൻ കെ വി കൺവീനർ ഇന്റേണൽ വിജിലൻസ് ഓഫീസർ
2.നിതിൻ കുമാർ എസ് ഡെപ്യൂട്ടി ടൗൺ പ്ലാനർ കണ്ണൂർ
3.ബിജു പി വി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്

തദ്ദേശസ്ഥാപന പ്രതിനിധികൾ

1. ശിവജി സി കെ സൂപ്രണ്ട് പയ്യന്നൂർ നഗരസഭ
2 .ജനീഷ് . ഹെഡ് ക്ലർക്ക് കല്ല്യാശേരി ഗ്രാമപഞ്ചായത്ത്
3. അലീമ പി പി ഹെഡ് ക്ലർക്ക് കാങ്കോൽ ആലപടമ്പ ഗ്രാമപഞ്ചായത്ത്
4. അജിത്ത് കുമാർ വി പി ജെ എസ് മാടായി ഗ്രാമപഞ്ചായത്ത്

പരാതിക്കാർ
1. സതീശൻ
2. ജിതിൻ മോഹൻ

## നവകേരള സദസ്സ് പരാതികൾ

**അജണ്ട 1**

Docket No.KNR 0071261

രേണുക എൻ വി എന്നവർ ചെറുതായി ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ അപേക്ഷ

**തീരുമാനം**

രേണുക എൻ വി യുടെ അപേക്ഷ ഇരട്ടിപ്പാണ് .ഈ അപേക്ഷയിൽ 21-12 -2023 തീയ്യതിയിലെ അദാലത്തിൽ തീരുമാനം എടുത്തിട്ടുള്ളതാണ്

**അജണ്ട 2**

Docket No.KNR 0072301

കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന് എതിരെ രജനീഷ് എന്നവരുടെ അപേക്ഷ

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി താൻ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ആ വീടിന് നിർമ്മാണാനുമതി നൽകുന്നില്ല എന്നതാണ് പരാതി .ഗ്രാമപഞ്ചായത്തിൽപ്പെട്ട ശ്രീ രജനീഷിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം CRZ മേഖലയിൽ ഉൾപ്പെട്ടതിനായി അപേക്ഷ ജില്ല സമിതി മുമ്പാകെ സമർപ്പിച്ചെങ്കിലും അപേക്ഷ ന്യൂനതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാതല സമിതി അറിയിച്ചിട്ടുള്ളതാണ്. 24/06/2022 ലെ എ3-3803/21 നമ്പർ കത്ത് പ്രകാരം ശ്രീ രജനീഷിനെ അറിയിച്ചിട്ടുണ്ടെങ്കിലും അപാകതകൾ പരിഹരിച്ച് ടിയാൻ അപേക്ഷ നൽകിയിട്ടില്ലാത്തതാണെന്ന് സെക്രട്ടറി അറിയിച്ചു

**തീരുമാനം**

ശ്രീ രജനീഷിന്റെ അപേക്ഷ കല്യാശ്ശേരി ഗ്രാമപഞ്ചായത്തിലെ ഫയലുകൾ പരിശോധിച്ചതിൽ തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥലത്ത് കെട്ടിട നിർമ്മാണം ആയതിനാൽ കേരള തീരദേശ പരിപാലന ജില്ലാ കമ്മിറ്റിയുടെ പരിഗണനക്കായി സമർപ്പിച്ച അപേക്ഷ അപാകതകൾ പരിഹരിച്ച് പുനഃസമിപ്പിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളതാണ്. അപാകതകൾ പരിഹരിച്ച് അപേക്ഷ പുനഃസമർപ്പിക്കാത്തതുകൊണ്ടാണ് തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കാത്തത് എന്ന് മനസ്സിലായി. ആകയാൽ കേരള തീരദേശ പരിപാലന ജില്ലാതല കമ്മിറ്റിയുടെ കത്ത് പ്രകാരം ഉള്ള അപാകതകൾ പരിഹരിച്ച് അപേക്ഷ സമർപ്പിക്കുന്നതിന് ശ്രീ രജനീഷ് നോട് നിർദ്ദേശിച്ച തീരുമാനിച്ചു

**അജണ്ട 3**

Docket No.KNR 0072175

കണ്ണപുരം ഗ്രാമപഞ്ചായത്തിനെതിരെ ശ്രീ ഫരീദ് ഒ കെ എന്നവരുടെ അപേക്ഷ

**തീരുമാനം**

ശ്രീ ഫരീദയുടെ അപേക്ഷ ഇരട്ടിപ്പാണ് .ഈ അപേക്ഷയിൽ 11-12-2023 തീയതിയിൽ നടന്ന ആ അദാലത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്

**അജണ്ട 4**
Docket No.KNR 0071928

ശ്രീമതി കൊട്ടോടി രജനി എന്നവർ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിനെതിരെ സമർപ്പിച്ച അപേക്ഷ
**തീരുമാനം**
ശ്രീമതി കൊട്ടോടി രജനി എന്നവരുടെ അപേക്ഷയിൽ 111-12-23 തീയതിയിൽ നടന്ന അദാലത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ് .അപേക്ഷ ഇരട്ടിപ്പാണ്

**അജണ്ട 5**
Docket No.KNR 0072010

കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിന് എതിരെ ശ്രീമതി റസീന എന്നവരുടെ അപേക്ഷ
**തീരുമാനം**
ശ്രീമതി റസീനയുടെ അപേക്ഷ ഇരട്ടിപ്പാണ്. 11-12-23 തീയതിയിലെ അദാലത്തിൽ ഈ അപേക്ഷ പരിഗണിച്ച് തീരുമാനം കൈകൊണ്ടിട്ടുള്ളതാണ്
**അജണ്ട6**
Docket No.KNR 0071640

കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിനെതിരെ ശ്രീ ബിജു പി എന്നവരുടെ അപേക്ഷ
**തീരുമാനം**
ശ്രീ ബിജു പി എന്നവർ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിനെതിരെ സമർപ്പിച്ച അപേക്ഷ ഇരട്ടിപ്പാണ്. ഈ അപേക്ഷ 11-12-23 തീയ്യതിയിലെ അദാലത്ത് പരിഗണിച്ച് തീരുമാനം കൈകൊണ്ടിട്ടുള്ളതാണ്
**അജണ്ട 7**
Docket No.KNR 0070066

മാടായി ഗ്രാമപഞ്ചായത്തിനെതിരെ ശ്രീമതി മേരി വിലക്രിയൻ എന്നവരുടെ അപേക്ഷ
ശ്രീമതി മേരി വിലക്രിയന്റെ പരാതി പ്രകാരം ടിയാൻ പണിത വീടിന് താൽക്കാലിക നമ്പർ ആണ് നൽകിയിട്ടുള്ളത് എന്നും ആയത് നിയമപരമായി ഉള്ള നമ്പർ ആക്കി മാറ്റണം എന്നാണ് അപേക്ഷ .ശ്രീമതി മേരി വിലക്രിയൻ 2012-13 വർഷത്തിൽ വീടിന് 12/171A എന്ന താൽക്കാലിക നമ്പർ നൽകിയിട്ടുള്ളതാണെന്നും CRZപരിധിയിൽപ്പെട്ട സ്ഥലത്താണ് നിർമ്മാണം എന്നതിനാൽ ആണ് കെട്ടിടം ക്രമവത്ക്കരിച്ചു നൽകാൻ സാധിക്കാത്തത് എന്നും സെക്രട്ടറി അറിയിച്ചു

ശ്രീമതി മേരി വിലക്രിയൻ എന്നവരോട് നേരിട്ട് അന്വേഷിച്ചതിൽ നേരത്തെ ഉണ്ടായ വീടിൽ അധികരിച്ച വിസ്തൃതിയിലാണ് ഇപ്പോൾ വീട് നിർമ്മിച്ചിട്ടുള്ളത് എന്നും കടലിൻറെ വേലിയേറ്റരേഖയിൽ നിന്നും 90 മീറ്ററിന് അകത്താണ് വീട് സ്ഥിതി ചെയ്യുന്നത് എന്നും പറഞ്ഞു
**തീരുമാനം**
ശ്രീമതി മേരി വിലക്രിയൻ നേരത്തെ ഉണ്ടായിരുന്ന48 ച.മീ. വീട് പുനർ നിർമ്മിച്ചപ്പോൾ 66.13 ച മീ.ആയി വിസ്തൃതി വർധിച്ചിട്ടുണ്ട് കൂടാതെ കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 90 മീറ്റർ പരിധിക്കുള്ളിൽ ആണ് നിർമ്മാണം നിലനിൽക്കുന്നത് .ആയതിനാൽ CRZ നിയമത്തിൽ ഇളവ് നൽകി കെട്ടിട നിർമ്മാണം റഗുലറൈസ് ചെയ്യുന്നതിന് അനുമതി ലഭിക്കണമെന്നതാണ് അപേക്ഷ എന്നതിനാൽഅപേക്ഷ ജില്ലാതല സമിതിയുടെ പരിഗണനക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.
**അജണ്ട 8**
Docket No.KNR 0070523
ശ്രീ ഷാജി കാഞ്ഞങ്ങാട് എന്നവരുടെ മാടായി ഗ്രാമപഞ്ചായത്തിനെതിരായ അപേക്ഷ
**തീരുമാനം**
ശ്രീ ഷാജി കാഞ്ഞങ്ങാടിന്റെ അപേക്ഷ ഇരട്ടിപ്പാണ് . ഈ അപേക്ഷ 21-12-23 തീയ്യതിയിലെ അദാലത്ത് പരിഗണിച്ച് തീരുമാനം കൈകൊണ്ടിട്ടുള്ളതാണ്
**അജണ്ട 9**
Docket No.KNR 0070604
ശ്രീ സൈമൺ കൊയിലേരിയൻ എന്നവർ മാടായി ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ പരാതി

**തീരുമാനം**

ശ്രീ സൈമൺ കൊയിലേരിയന്റെ അപേക്ഷ ഇരട്ടിപ്പാണ്. 11-12-23 തീയതിയിലെ അദാലത്തിൽ ഈ പരാതി പരിഗണിച്ച് തീരുമാനം കൈകൊണ്ടിട്ടുള്ളതാണ്.

**അജണ്ട 10**

Docket No.KNR 00705804

ശ്രീഅവറക്കൽ അബ്ദുൾ റഹ്മാൻ എന്നവർ മാടായി ഗ്രാമപഞ്ചായത്തിന് എതിരെ നൽകിയ പരാതി

**തീരുമാനം**

ശ്രീ അവറക്കൽ അബ്ദുൾ റഹ്മാൻ എന്നിവരുടെ പരാതി ഇരട്ടിപ്പാണ്. 11-12- 23 ലെ അദാലത്തിന്റെ പരിഗണനയിൽ അപേക്ഷ വന്നതും തീരുമാനം കൈകൊണ്ടിട്ടുള്ളതുമാണ്.

**അജണ്ട11**

Docket No.KNR 0071525

മാടായിഗ്രാമപഞ്ചായത്തിനെതിരെ ശ്രീമതി സാജിദ എന്നവരുടെ അപേക്ഷ

**തീരുമാനം**

ശ്രീമതി സാജിദയുടെ അപേക്ഷ ഇരട്ടിപ്പാണ് .ഈ അപേക്ഷ 21-12-23 തീയതിയിലെ അദാലത്ത് പരിഗണനയിൽ വന്നതും തീരുമാനം എടുത്തിട്ടുള്ളതുമാണ്.

**അജണ്ട 12**

Docket No.KNR 0070939

മാട്ടൂൽ ഗ്രാമപഞ്ചായത്തിനെതിരെ ശ്രീ സജ്ഞ കെ പി എന്നിവരുടെ അപേക്ഷ

**തീരുമാനം**

ശ്രീ സജ്ഞ കെ പിയുടെ അപേക്ഷ ഇരട്ടിപ്പാണ് .മേൽ അപേക്ഷ 21-12-23 തീയതിയിലെ അദാലത്തിൽ പരിഗണിച്ച് തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്.

**അജണ്ട 13**

Docket No.KNR 0070221

ശ്രീ നൗഷാദ് കളത്തിൽ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ അപേക്ഷ

ശ്രീ നൗഷാദിന്റെ പരാതി പ്രകാരം ഫാം ബിൽഡിംഗ് നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് അപേക്ഷ നൽകിയെങ്കിലും അപാകതകൾ പരിഹരിക്കുന്നതിനായി അറിയിക്കുകയാണ് ചെയ്തിരുന്നത്. എന്നാൽ അപാകതകൾ പ്രകാരം രേഖപ്പെടുത്തിയിരുന്ന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള എൻ ഒ സി അപേക്ഷകൻ മുമ്പേതന്നെ സമർപ്പിച്ചിരുന്നതാണെന്നും പഞ്ചായത്തിൽ ചെന്ന് അപേക്ഷ ചോദിച്ചപ്പോൾ അത് ഫയലിൽ കാണാൻ സാധിച്ചു എന്നും പരാതിപ്പെട്ടു. തുടർന്ന് ഗ്രാമപഞ്ചായത്ത് തലത്തിൽ നടന്ന അദാലത്തിൽ പങ്കെടുക്കുന്നതിനായി ഗ്രാമപഞ്ചായത്ത് അറിയിച്ചിരുന്നു എന്ന് ഫയലിൽ കണ്ടെങ്കിലും തനിക്ക് അത്തരം ഒരു അറിയിപ്പ് ലഭിച്ചിട്ടില്ലെന്നും തുടർന്ന് തന്റെ അപേക്ഷ നിരസിച്ച് തീർപ്പാക്കുകയാണ് ചെയ്തിട്ടുള്ളത് എന്നും പരാതിപ്പെടുന്നു . എല്ലാ രേഖകളും സഹിതം സമർപ്പിച്ച അപേക്ഷ നിരസിച്ച നടപടി തെറ്റാണെന്നും അതുകൊണ്ട് ഫയൽ റീ ഓപ്പൺ ചെയ്തു കെട്ടിട നിർമ്മാണ ക്രമവൽക്കരണം ചെയ്യാനുള്ള തീരുമാനം ഉണ്ടാകണമെന്നാണ് പരാതിയുടെ ഉള്ളടക്കം.

ശ്രീ നൗഷാദ് കളത്തിലിന്റെ അപേക്ഷയിൽ 21-3-19 തീയ്യതിയിൽ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സമ്മതപത്രം,ഫയർ എൻ ഒ സി എന്നിവ ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ് എന്നാൽ ഫയർ എൻ ഒ സി ടിയാൻ പരിഹരിച്ച് തന്നിട്ടില്ലാത്തതിനാലാണ് അപേക്ഷയിൽ തുടർനടപടി സ്വീകരിക്കാതിരുന്നത് എന്നും തുടർന്ന് ഫയൽ തീർപ്പാക്കൽ അദാലത്തിന്റെ ഭാഗമായി 16-7-2019 തീയ്യതിയിൽ ടിയാന് അറിയിപ്പ് നൽകിയിരുന്നു എങ്കിലും ടിയാൻ അദാലത്തിൽ പങ്കെടുത്തിട്ടില്ല എന്നും തുടർന്നാണ് 12-7-2021 തീയ്യതിയിൽ സങ്കേതം സോഫ്റ്റ്വെയർ മുഖാന്തരം ഫയൽ റിജക്ട് ചെയ്തിട്ടുള്ളത് എന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു

**തീരുമാനം**

സി നൗഷാദ് കളത്തിന്റെ അപേക്ഷ, ഗ്രാമപഞ്ചായത്ത് രേഖകൾ എന്നിവ പരിശോധിച്ചു .അതു പ്രകാരം ശ്രീ നൗഷാദ് കളത്തിൽ ഫയർ എൻ ഒ സി , മലിനീകരണം നിയന്ത്രണ ബോർഡിന്റെ സമ്മതപത്രം ഹാജരാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു എങ്കിലും മലിനീകരണ നിയന്ത്രണ ബോർഡ് സമ്മതപത്രം പിന്നീട് ഫയലിൽ കണ്ടെത്തുകയും ഫയർ എൻ ഒ സി ഹാജരാക്കിയില്ല എന്നും തുടർന്ന് 16-7-2019 തീയതിയിൽ ഫയൽ തീർപ്പാക്കൽ അദാലത്തിൽ പങ്കെടുക്കുന്നതിന് അറിയിച്ചു പങ്കെടുക്കാത്ത കാരണത്താൽ 12-7-21 തീയതിയിൽ സങ്കേതം സോഫ്റ്റ്വെയറിൽ നിന്നും ഫയൽ റിജക്ട് ചെയ്തതായും ആണ് മനസ്സിലായത് .വിവരങ്ങൾ പരിഗണിക്കുമ്പോൾ പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ലൈവ് സ്റ്റോക്ക്ബിൽഡിങ്ങിനത്തിൽപ്പെട്ട പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ആവശ്യമായ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സമ്മതപത്രം അപേക്ഷകൻ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ അപേക്ഷ റിജക്ട് ചെയ്ത 12-7-21 തീയ്യതിയിൽ ഫയർ എൻ ഒ സിആവശ്യമില്ലാത്തതാണ് .ജി ഒ (പി) നമ്പർ 78/ 2019 /LSGD Dt.02-11-2019 പ്രകാരം കേരള

പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ഭേദഗതിയിൽ പ്രകാരം in the case of all livestock and poultry farms under group G1 ,G2 and vaults and burial grounds under group I, certificate of approval from the director of department of Fire and Rescue Service is not necessary എന്ന ഭേദഗതി വന്നിട്ടുള്ളതാണ് . 2-11-2019ൽ ചട്ടത്തിന് ഭേദഗതി വന്നിട്ടുണ്ടെങ്കിലും ആയത് പരിഗണിക്കാതെ 12-7-2021 തീയതിയിൽ ഫയർ എൻ ഒ സി ഹാജരാക്കിയില്ല എന്ന കാരണത്താൽ ടിയാന്റെ ഫയൽ റിജക്ട് ചെയ്ത് നടപടി ശരിയല്ല. ഈ സാഹചര്യത്തിൽ സങ്കേതം സോഫ്റ്റ് വെയർ വഴി റിജെക്ട് ചെയ്തിട്ടുള്ള ഫയൽ റീ ഓപ്പൺ ചെയ്ത പ്രോസസ് ചെയ്യുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിക്കുന്നു.7 ദിവസത്തിനകം നടപടി സ്വീകരിച്ച് അദാലത്തിന് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

**അജണ്ട 14**

Docket No.KNR 0071597

ചെറുതാഴം ഗ്രാമപഞ്ചായത്തിനെതിരെ ശ്രീ രമേശൻ കെ എന്നവരുടെ പരാതി

**തീരുമാനം**

ശ്രീ രമേശൻ കെ എന്നവരുടെ അപേക്ഷ ഇരട്ടിപ്പാണ്. 21-12-23 തീയതിയിലെ അദാലത്തിൽ അപേക്ഷ പരിഗണിക്കുകയും തീരുമാനം കൈക്കൊണ്ടിട്ടുള്ളതുമാണ്

**അജണ്ട 15**

Docket No.KNR 110339

കാങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്തിനെതിരെ ശ്രീ നസീർ കെ എന്നവരുടെ അപേക്ഷ

നിലവിലുള്ള തന്റെ വീടിനോട് അനുബന്ധിച്ച് ഒരു മുറി കച്ചവട ആവശ്യങ്ങൾക്ക് ലൈസൻസ് അനുവദിച്ച് ലഭിക്കുന്നില്ല എന്നതാണ് പരാതി

ഗ്രാമപഞ്ചായത്തിൽ കൈവശഗണം മാറ്റുന്നതിനാണ് അപേക്ഷ നൽകിയിട്ടുള്ളത് എന്നും എന്നാൽ പാർപ്പിടഗണത്തിൽപ്പെട്ട കെട്ടിടം വ്യാപാര കൈവശഗണത്തിലേക്ക് മാറ്റുന്നതിന് നിലവിലുള്ള അളവുകളിൽ സാധിക്കാത്തതിനാൽ അപാകത പരിഹരിക്കുന്നതിന് വിവരം അറിയിച്ചിട്ടുള്ളതാണെന്ന് സെക്രട്ടറി അറിയിച്ചു .ശ്രീ നാസർ തന്റെ താമസ ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ ഒരു മുറിയിൽ ചെറുകിട കച്ചവട സ്ഥാപനങ്ങൾക്ക് ലൈസൻസ് ലഭിക്കുന്നതിനാണ് ആവശ്യപ്പെടുന്നത് എന്ന് വ്യക്തമാക്കി

തീരുമാനം

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 പ്രകാരം താമസഗണത്തിൽപ്പെട്ട കെട്ടിടത്തിന്റെ 50 ചതുരശ്ര മീറ്റർ വരെയുള്ള ഭാഗം ചെറുകിട കച്ചവട സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട് ചട്ടം 25 (2) പ്രകാരം അപേക്ഷ പരിഗണിച്ച് നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ചു തീരുമാനിച്ചു

**അജണ്ട 16**

Docket No.KNR 110339

അജണ്ട

ശ്രീ സതീശൻ പി പി എന്നവർ പയ്യന്നൂർ നഗരസഭക്കെതിരെ നൽകിയ പരാതി

ശ്രീ സതീശൻ പി പി എന്നവരുടെ പരാതി പ്രകാരം ശ്രീമതി ദേവി മുതൽ പേർ ഉടമസ്ഥതയുള്ള സ്ഥലത്ത് കെട്ടിടം നിർമ്മാണം അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചപ്പോൾ 3 ഇരട്ടി പിഴ നൽകണമെന്ന് അറിയിച്ചിട്ടുണ്ട് എന്നതാണ്. നഗരസഭയിലെ രേഖകൾ പരിശോധിച്ച പ്രകാരം ശ്രീമതി ദേവി മുതൽ പേർ 17- 3- 23 ലെ ഇ1-5206 /2023 നമ്പർ പ്രകാരംകെട്ടിടം നിർമ്മാണാനുമതി നൽകിയിട്ടുള്ളതാണ് .എന്നാൽ കെട്ടിടത്തിന് നിർമ്മാണം പുരോഗമിക്കുമ്പോൾ തന്നെ 05-04- 2023 തീയതിയിൽ മറ്റൊരു കെട്ടിടം നിർമ്മിക്കുന്നതിന് അപേക്ഷ നൽകുകയുണ്ടായി.കെ എം ബി ആർ പ്രകാരം നിർമ്മാണത്തിന് ഒരേ പ്ലോട്ടിൽ ഉടമസ്ഥർ ഒന്നിലധികം അപേക്ഷകൾ സമർപ്പിക്കാൻ പാടില്ലാത്തതാണ്. ഈ സാഹചര്യത്തിലാണ് ന്യൂനത പരിഹരിക്കുന്നതിന് അറിയിപ്പ് നല്കിയതെന്ന് സെക്രട്ടറി അറിയിച്ചു

**തീരുമാനം**

നമ്പർ 12900 / ആർ എ 1/ 2015 തസ്വഭവ തീയ്യതി 02.12.2015 സർക്കുലർ പാര 20 പ്രകാരം നിലവിൽ സാധുവായ പെർമിറ്റ് ഉള്ള പ്ലോട്ടിൽ മറ്റൊരു നിർമ്മാണത്തിന് അനുമതിക്കായി അപേക്ഷ ലഭിക്കുമ്പോൾ നിലവിലെ എല്ലാ നിർമ്മാണങ്ങളും പൂർത്തിയായവയുടെ നമ്പർ, നിർമ്മാണത്തിൽ ഇരിക്കുന്നവരുടെ പെർമിറ്റ് നമ്പർ സഹിതം പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ് .ഒരേ സ്ഥാനത്ത് സാധുവായ രണ്ടു പെർമിറ്റുകൾ ഒരേസമയം ഉണ്ടാകുവാൻ പാടുള്ളതല്ല ആവശ്യമുള്ള പക്ഷം പെർമിറ്റ് സറണ്ടർ ചെയ്തശേഷം ആയത് പെർമിറ്റ് രജിസ്റ്റർ രേഖപ്പെടുത്തിയ ശേഷം മാത്രമേ പുതിയ പെർമിറ്റ് നൽകാവൂ എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ് .ഈ സാഹചര്യത്തിൽ

ശ്രീമതിദേവി മുതൽ പേരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരേസമയം ഒന്നിലധികം പെർമിറ്റുകൾ അനുവദിക്കുവാൻ സാധിക്കുകയില്ല ആയതിനാൽ നിലവിലുള്ള പെർമിറ്റ് സറണ്ടർ ചെയ്ത് മുഴുവൻ നിർമാണങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് പുതിയ പെർമിറ്റിന് അപേക്ഷിക്കുന്നതിന് പരാതിക്കാരോട് നിർദ്ദേശിച്ച് തീരുമാനിച്ചു.

**അജണ്ട 17**

Docket No.KNR 061987

പയ്യന്നൂർ നഗരസഭക്കെതിരെ ശ്രീ പൊയിരൻ മോഹനൻ എന്നവരുടെ അപേക്ഷ

താൻ 2011 പണികഴിപ്പിച്ച ഭവനത്തിന് ഇതുവരെയായി മുനിസിപ്പാലിറ്റിയിൽ നിന്നും നമ്പർ അനുവദിച്ചിട്ടില്ല എന്നതാണ് പരാതി. നഗരസഭയുടെ രേഖകൾ പരിശോധിച്ചു ശ്രീ പൊയിരൻ മോഹനൻ കെട്ടിട നിർമ്മാണ ചട്ടം അനുസരിച്ച് അപേക്ഷകൾ ഒന്നും തന്നെ നഗരസഭയ്ക്ക് ഇതുവരെ ലഭ്യമാക്കിയിട്ടില്ലാത്തതിനാലാണ് നമ്പർ അനുവദിക്കാതിരുന്നത് എന്ന് സെക്രട്ടറി അറിയിച്ചു

**തീരുമാനം**

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ഉള്ള പ്ലാനും അനുബന്ധ രേഖകളും സമർപ്പിച്ച് നിർമ്മാണം നടത്തിയിട്ടുള്ള കെട്ടിടം ക്രമവൽക്കരിക്കുന്നതിന് അപേക്ഷ നൽകുന്നതിന് മോഹനോട് നിർദ്ദേശിച്ച് തീരുമാനിച്ചു

**അജണ്ട 18**

Docket No.KNR0062529

പെരിങ്ങോംവയക്കര ഗ്രാമപഞ്ചായത്തിനെതിരെ ശ്രീ ടോമി ജോസഫ് എന്നവരുടെ അപേക്ഷ

ജനന രജിസ്റ്ററിൽ പേര് ചേർക്കുന്നതിനുള്ള അപേക്ഷയിൽ ഒരു മാസം ആയിട്ടും സേവനം ലഭിച്ചില്ല എന്നാണ് പരാതി 2-11-2023 തീയതിയിലാണ് ടോമിൻ ജോസഫ് അപേക്ഷ നൽകിയിട്ടുള്ളത് എന്നും എന്നാൽ അപേക്ഷയോടൊപ്പം ജനനക്രമ സ്റ്റേറ്റ്മെൻറ് ,പിതാവിന്റെ ONE AND SAME സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുന്നതിന് അറിയിപ്പ് നൽകിയിരുന്നെങ്കിലും 17-11-2023 ലാണ് ഹാജരാക്കിയിട്ടുള്ളത്. ജില്ലാ രജിസ്ട്രാറുടെ അനുമതിഅനുമതിക്ക് സമർപ്പിച്ചെങ്കിലും സ്കൂൾ സർട്ടിഫിക്കറ്റിലും ജനന സർട്ടിഫിക്കറ്റിനും രണ്ടു വർഷത്തെ വ്യത്യാസമുള്ളതിനാൽ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് വേണ്ടി അപേക്ഷ ഗ്രാമപഞ്ചായത്തിലേക്ക് തിരിച്ചയച്ചിരുന്നു എന്നും ആയത് പരിഹരിച്ച് 6-12-2013 തീയതിയിൽ അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 7-12-23 തീയതിയിൽ ജനന രജിസ്റ്ററിൽ കുട്ടിയുടെ പേര് ചേർത്ത് ഉൾപ്പെടുത്തി ഫയൽ തീർപ്പാക്കിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു

**തീരുമാനം**

രേഖകൾ പരിശോധിച്ചതിൽ അപേക്ഷാപ്രകാരം ജനന രജിസ്റ്ററിൽ കുട്ടിയുടെ പേര് ചേർത്ത് സർട്ടിഫിക്കറ്റ് അംഗീകരിച്ചതായി ബോധ്യപ്പെട്ടു.അപേക്ഷകന് ഇതിനകം സേവനം ലഭ്യമാക്കിയിട്ടുണ്ട്.

**അജണ്ട 19**

Docket No.KNR0062529

പയ്യന്നൂർ നഗരസഭക്കെതിരെ നസീർ കെ എന്നവരുടെ പരാതി

പരാതി പരിശോധിച്ചതിൽ കാങ്കോൽ ആലപടമ്പ ഗ്രാമപഞ്ചായത്തിനെതിരെയുള്ള നസീർ കെ എന്നവരുടെ പരാതി അപ്‌ലോഡ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാണ്

**തീരുമാനം**

ശ്രീ നസീർ കെ യുടെ പരാതി തദ്ദേശസ്ഥാപനത്തിന്റെ പേര് മാറി വന്നിട്ടുള്ളതാണ് .ഇന്നത്തെ അജണ്ട 15 ആയി നസീർ കെ യുടെ പരാതി പരിഗണിച്ച് തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്

**അജണ്ട 20**

Docket No.KNR0071597

ചെറുതാഴം ഗ്രാമപഞ്ചായത്തിനെതിരെ ശ്രീ രമേശൻ കെ എന്നവരുടെ പരാതി

**തീരുമാനം**

ശ്രീ രമേശൻ കെ എന്നവരുടെ അപേക്ഷ ഇരട്ടിപ്പാണ്. 21-12-23 തീയതിയിലെ അദാലത്തിൽ അപേക്ഷ പരിഗണിക്കുകയും തീരുമാനം കൈക്കൊണ്ടിട്ടുള്ളതുമാണ്

**അജണ്ട 21**

Docket No.KNR 0071261

രേണുക എൻ വി എന്നവർ ചെറുതായി ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ അപേക്ഷ

**തീരുമാനം**

രേണുക എൻ വി യുടെ  അപേക്ഷ ഇരട്ടിപ്പാണ്  .ഈ അപേക്ഷയിൽ 21-12 -2023 തീയ്യതിയിലെ അദാലത്തിൽ തീരുമാനം എടുത്തിട്ടുള്ളതാണ്

**അജണ്ട 22**

Docket No.KNR0060317

ശ്രീമതി അസ്മാ എന്നവർ ചെറുപുഴ ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ പരാതി

ശ്രീമതി അസ്മ കെ എം തന്റെ ഉടമസ്ഥതയിൽ ഉള്ള സിപി 2/1269 നമ്പർ കെട്ടിടം 2018 വരെ നികുതി അടവാക്കിയിട്ടുള്ളതും കച്ചവട ആവശ്യത്തിന് കെട്ടിടത്തിൽ ലൈസൻസ് നേടിയിട്ടുള്ളതും ആണെന്നും എന്നാൽ പിന്നീട് ഗ്രാമപഞ്ചായത്തിൽ അന്വേഷിച്ചപ്പോൾ കെട്ടിടം സഞ്ചയ  സോഫ്റ്റ്‌വെയറിൽ ലഭിക്കാത്തതിനാൽ നികുതി സ്വീകരിക്കുകയും ലൈസൻസ് അനുവദിക്കുകയും ചെയ്യുന്നില്ല എന്നതാണ് പരാതി

ശ്രീമതി അസ്മയുടെ മാതാവ് ശ്രീമതി ബീഫാത്തു എന്നവരുടെ പേരിൽ കെട്ടിടം നിലവിൽ ഉണ്ടായിരുന്നതാണെന്നും എന്നാൽ സഞ്ചയ  സോഫ്റ്റ്‌വെയറിൽ കെട്ടിടം ഡാറ്റാ എൻട്രി ചെയ്യുന്നതിന് സാധിക്കാത്തതിനാൽ ആണ് നികുതി സ്വീകരിക്കുന്നതിന് സാധിക്കാത്തതെന്ന് സെക്രട്ടറി അറിയിച്ചു നമ്പർ പുനസ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്

**തീരുമാനം**

ശ്രീമതി അസ്മയുടെ പരാതിയിൽ പരാമർശിക്കുന്ന കെട്ടിടം പഞ്ചായത്തിന്റെ റജിസ്റ്ററിൽ നിലവിലുള്ളതാണ് എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഇല്ലാത്തതുകൊണ്ടാണ് നികുതി സ്വീകരിക്കാൻ സാധിക്കാതിരുന്നത് എന്നും ഡാറ്റാ എൻട്രി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. സഞ്ചയാ സോഫ്റ്റ്‌വെയറിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നതിന് ജില്ലാ ജോയിൻറ് ഡയറക്ടർ മുഖേന അപേക്ഷ നൽകേണ്ടതും കെട്ടിടത്തിന്റെ ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

**അജണ്ട 23**

Docket No.KNR0061480

ശ്രീമതി സോയി എൻ വി എന്നവർ കാങ്കോൽ ആലപ്പടമ്പ്ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ അപേക്ഷ

നേരത്തെ പട്ടയം ലഭിക്കാത്ത ഭൂമിയിൽ കെട്ടിടത്തിന് താൽക്കാലിക നമ്പർലഭിച്ചിട്ടുള്ളതാണ്.ഇപ്പോൾ പട്ടയം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നേരത്തെയുള്ള കെട്ടിടത്തിന് വിപുലീകരിക്കുന്നതിനും കെട്ടിടത്തിന് നിയമാനുസൃത നമ്പർ ലഭിക്കുന്നതിനും അപേക്ഷിക്കുമ്പോൾ പുതുക്കിയ നിരക്കിൽ ഉള്ള ഫീസ് കൊടുക്കുന്നതിൽ നിന്നും ഇളവ് അനുവദിക്കണമെന്നാണ് അപേക്ഷ

പുതുതായി പട്ടയം ലഭിച്ചവർക്ക് നിലവിലുള്ള കെട്ടിട നമ്പർ നിയമാനുസൃതം ആക്കുന്നതിനും കെട്ടിടം വിപുലീകരിക്കുന്നതിനുള്ള അപേക്ഷകളിൽ പുതുക്കിയ  ഫീസിൽ ഇളവ് അനുവദിക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് 9-11-23 ന് ചേർന്ന യോഗത്തിൽ 269/2023 നമ്പർ പ്രകാരം തീരുമാനിക്കുകയും ആയത് സർക്കാർ സാധൂകരണത്തിന് വേണ്ടി അപേക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു .

**തീരുമാനം**

നിലവിലുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസിൽ ഇളവ് അനുവദിക്കുന്നതിന് ഈ അദാലത്തിന് സാധിക്കുകയില്ല എന്നാൽ ഗ്രാമപഞ്ചായത്ത് ഇത്തരം ഒരു ഇളവ് അനുവദിക്കുന്നതിന് സർക്കാർ അനുമതിക്കായി അപേക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തീരുമാനത്തിൽ സർക്കാർ അനുമതി ലഭിക്കുന്ന മുറക്ക് ഫിസ് നിശ്ചയിക്കാവുന്നതാണെന്നും സെക്രട്ടറിയോട് നിർദ്ദേശിച്ചു തീരുമാനിച്ചു

**അജണ്ട 24**

Docket No.KNR0061484

ചന്ദ്രമതി പി വി എന്നവർ കാങ്കോൽ ആലപ്പടമ്പഗ്രാമപഞ്ചായത്തിനെതിരെ നൽകിയഅപേക്ഷ

തീരുമാനം നേരത്തെ പട്ടയം ലഭിക്കാത്ത ഭൂമിയിൽ കെട്ടിടത്തിന് താൽക്കാലിക നമ്പർലഭിച്ചിട്ടുള്ളതാണ്.ഇപ്പോൾ പട്ടയം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നേരത്തെയുള്ള കെട്ടിടത്തിന് വിപുലീകരിക്കുന്നതിനും കെട്ടിടത്തിന് നിയമാനുസൃത നമ്പർ ലഭിക്കുന്നതിനും അപേക്ഷിക്കുമ്പോൾ പുതുക്കിയ നിരക്കിൽ ഉള്ള ഫീസ് കൊടുക്കുന്നതിൽ നിന്നും ഇളവ് അനുവദിക്കണമെന്നാണ് അപേക്ഷ

പുതുതായി പട്ടയം ലഭിച്ചവർക്ക് നിലവിലുള്ള കെട്ടിട നമ്പർ നിയമാനുസൃതം ആക്കുന്നതിനും കെട്ടിടം വിപുലീകരിക്കുന്നതിനുള്ള അപേക്ഷകളിൽ പുതുക്കിയ  ഫീസിൽ ഇളവ് അനുവദിക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് 9-11-23 ന് ചേർന്ന യോഗത്തിൽ 269/2023 നമ്പർ പ്രകാരം തീരുമാനിക്കുകയും ആയത് സർക്കാർ സാധൂകരണത്തിന് വേണ്ടി അപേക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു .

**തീരുമാനം**

നിലവിലുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസിൽ ഇളവ് അനുവദിക്കുന്നതിന് ഈ അദാലത്തിന് സാധിക്കുകയില്ല എന്നാൽ ഗ്രാമപഞ്ചായത്ത് ഇത്തരം ഒരു ഇളവ് അനുവദിക്കുന്നതിന് സർക്കാർ അനുമതിക്കായി അപേക്ഷിക്കുന്നതിന്

തീരുമാനിച്ചിട്ടുണ്ട് ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തീരുമാനത്തിൽ സർക്കാർ അനുമതി ലഭിക്കുന്ന മുറക്ക് ഫീസ് നിശ്ചയിക്കാവുന്നതാണെന്നും സെക്രട്ടറിയോട് നിർദ്ദേശിച്ചു തീരുമാനിച്ചു

**അജണ്ട 25**

Docket No.KNR0060517

ശ്രീ പ്രശോഭ് എന്നവർ പയ്യന്നൂർ നഗരസഭക്കെതിരെ നൽകിയ പരാതി

ശ്രീ പ്രശോഭ് പയ്യന്നൂർ നഗരസഭ പരിധിയിലെ വെള്ളൂർ എന്ന സ്ഥലത്ത് പണിത വീട്ടിന്റെ നമ്പർ ലഭിക്കുന്നില്ല എന്നതാണ് പരാതി

ശ്രീ പ്രശോഭ് വെള്ളൂർ വില്ലേജിലെ റിസർവ് നമ്പർ 59/10ൽ പെട്ട സ്ഥലത്താണ് കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളത് പ്രസ്തുത സ്ഥലം ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടതായതുകൊണ്ടാണ് നമ്പർ അനുവദിക്കാൻ സാധിക്കാത്തതെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചു

**തീരുമാനം**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം വിജ്ഞാപനം ചെയ്ത ഭൂമിയിൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് അനുമതി നൽകുന്നതിന് സാധിക്കുകയില്ല. ശ്രീ പ്രശോഭിന് വീട് വെയ്ക്കുന്നതിന് അനുയോജ്യമായ മറ്റ് സ്ഥലം ഒന്നും ലഭ്യമല്ലെങ്കിൽ പ്രാദേശിക നിരീക്ഷണ സമിതി മുഖേന സ്ഥലം രൂപാന്തരപ്പെടുത്തുന്നതിന് ജില്ലാതല സമിതിക്ക് അപേക്ഷിക്കുന്നതിന് ശ്രീ പ്രശോഭിനോട് നിർദ്ദേശിച്ചു തീരുമാനിച്ചു